വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ,

(എ) ഒഴിവാക്കിയിട്ടുണ്ട്. കേരളത്തിലെ അഫിലിയേറ്റിംഗ് സർവ്വകലാശാലകളെ മാത്രമേ ഏകീകൃത സർവ്വകലാശാലാ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ എന്നതിനാലാണ് അഫിലിയേറ്റിംഗ് സർവ്വകലാശാല അല്ലാത്ത കാലടി സംസ്കൃത സർവ്വകലാശാലയെ നിർദ്ദിഷ്ട നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയത്.

(ബി) സംസ്കൃത സർവ്വകലാശാല ആക്ടിന് അനുസൃതമായ ഭേദഗതികൾ വരുത്തുന്ന കാര്യം പരിശോധനയിലാണ്.

വി. സി. നിയമനത്തിനുള്ള മാനദണ്ഡങ്ങൾ

5 (*648) ശ്രീ. വർക്കല കഹാർ : സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കൃത സർവകലാശാലയിൽ വൈസ് ചാൻസലറുടെ നിയമനത്തിന് യു.ജി.സി. നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;

(ബി) നിലവിലുള്ള വൈസ് ചാൻസലറുടെ നിയമനം യു.ജി.സി. മാനദണ്ഡങ്ങൾ അനുസരിച്ചാണോ നടത്തിയിട്ടുള്ളത് ;

(സി) അല്ലെങ്കിൽ മാനദണ്ഡം പാലിക്കാതെയുള്ള പ്രസ്തുത നിയമനം റദ്ദുചെയ്യുന്നതിനും, പകരം വൈസ് ചാൻസലറെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ,

(എ) യു.ജി.സി. മാനദണ്ഡങ്ങൾ ഒന്നും നിശ്ചയിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബാധകമല്ല.

ശ്രീ. വർക്കല കഹാർ : സർ, സംസ്കൃത സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമാക്കാൻ എന്തെല്ലാം നടപടികൾ ആസൂത്രണം ചെയ്യാൻ ഈ പശ്ചാത്തലത്തിൽ ആലോചിക്കുന്നുണ്ട് ?

ശ്രീ. ടി. എം. ജേക്കബ് : സർ, സംസ്കൃത സർവ്വകലാശാലയ്ക്ക് യു.ജി.സി.യുടെ അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. യു.ജി.സി.യിൽ നിന്നും കൂടുതൽ ഗ്രാന്റ് ലഭിക്കുന്ന മുറയ്ക്ക് ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ കഴിയും.

ശ്രീ. വർക്കല കഹാർ : സർ, ഏകീകൃത സർവ്വകലാശാല നിയമത്തിന്റെ പരിധിയിൽ ഒരു സർവ്വകലാശാലയെ ഉൾപ്പെടുത്തുന്നതുകൊണ്ടുള്ള പ്രത്യേക പ്രയോജനമെന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, ഈ യൂണിവേഴ്സിറ്റി സർവ്വകലാശാല നിയമത്തിൽ വരുന്നില്ല. അഫിലിയേറ്റ് ചെയ്ത യൂണിവേഴ്സിറ്റികൾ മാത്രമേ വരുന്നുള്ളൂ. സംസ്കൃത സർവ്വകലാശാല, കൊച്ചിൻ സയൻസ് ആന്റ് ടെക്നോളജി, അഗ്രിക്കൽച്ചറൽ യൂണിവേഴ്സിറ്റി ഇവ മൂന്നും ഏകീകൃത സർവ്വകലാശാലയ്ക്ക് പുറത്താണ്. ഏകീകൃത നിയമം വന്നാൽ പൊതുവായി എല്ലാ യൂണിവേഴ്സിറ്റികളേയും ഒരേ രൂപത്തിൽ തന്നെ നിയന്ത്രിക്കാനും നടപടികൾ സ്വീകരിക്കാനും സാധിക്കും.

ശ്രീ. കെ. സി. ജോസഫ് : സർ, കേരളത്തിലെ യൂണിവേഴ്സിറ്റികൾക്ക് ബാധകമായ വൈസ് ചാൻസലർമാരുടെ പ്രായപരിധി കടന്ന ഒരാളെ കാലടി ശ്രീ. ശിവശങ്കര യൂണിവേഴ്സിറ്റിയിൽ വൈസ് ചാൻസലറായി തുടരാൻ അനുവദിക്കാനുണ്ടായ കാരണമെന്താണ്; പൊതുവായ മാനദണ്ഡം ഇക്കാര്യത്തിലെടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഇപ്പോഴുള്ള വി.സി.യെ നിയമിച്ചിരിക്കുന്നത് നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. ശ്രീ. കെ. എൻ. പണിക്കർ ആണ് ഇപ്പോഴത്തെ വി.സി. അദ്ദേഹത്തിന്റെ അപ്പോയ്മെന്റ് സർവ്വകലാശാല നിയമപ്രകാരം തന്നെയാണ് നിലവിലിരിക്കുന്നത്. അതുകൊണ്ടാണ് അദ്ദേഹം തുടരുന്നത്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, സർവ്വകലാശാലയുടെ രൂപീകരണത്തിന് പിന്നിൽ ഒരു പശ്ചാത്തലമുണ്ട്. സർവ്വകലാശാല രൂപീകരിക്കുന്നില്ല എന്ന ശക്തമായ ആക്ഷേപം ഉയർന്നുവരികയും സമ്മർദ്ദമുണ്ടാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് അത് രൂപീകരിച്ചത്. അതിനുവേണ്ടി സമ്മർദ്ദം ചെലുത്തുകയും ശബ്ദമുയർത്തുകയും ചെയ്ത ആളുകൾ തന്നെ ഈ സർവ്വകലാശാലയുടെ പ്രവർത്തനം തടസ്സപ്പെടുത്താൻ ശ്രമിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ നിലപാടെന്താണ് ?

ശ്രീ. ടി. എം. ജേക്കബ് : സർ, അങ്ങനെ ഒരു ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ബി. വിജയകുമാർ : സർ, ആദിശങ്കരന്റെ ജന്മനാട് കേരളമായതുകൊണ്ടാണ് സംസ്കൃത സർവ്വകലാശാല സ്ഥാപിക്കാനുള്ള നടപടി യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. ആ സംസ്കൃത സർവ്വകലാശാലയെ നശിപ്പിക്കുന്നതിനുവേണ്ടി മാർക്സിസ്റ്റുകാരുടെ ആവാസ കേന്ദ്രമാക്കി മാറ്റിയ വൈസ് ചാൻസലറെ അവിടെനിന്ന് നീക്കംചെയ്ത് ആ സർവ്വകലാശാല ശുദ്ധീകരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഏതെങ്കിലും പാർട്ടിയുടെ പ്രവർത്തനത്തിനു വേണ്ടിയുള്ള സ്ഥലമല്ല യൂണിവേഴ്സിറ്റി. ഇപ്പോഴത്തെ വി.സി.നിയമപ്രകാരം നിലവിൽ വന്നതാണ്. ആ വി.സി.യുടെ കാലാവധി തീരുമ്പോൾ അടുത്ത വി.സി.യെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കും. കഴിയുന്നിടത്തോളം ഈ സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായി മുന്നോട്ട് കൊണ്ടുപോകാനുള്ള നടപടികളാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.